കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കിഴക്കേക്കോട്ട പുത്തരിക്കണ്ടം മൈതാനത്ത് ഒരു കാർഷിക-വ്യാവസായിക പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.**1185/2017/**തസ്വഭവ തിരുവനന്തപുരം, തീയതി, **18-4-2017**

==========================================================================================

പരാമർശം: - തിരുവനന്തപുരം നഗരസഭ മേയർ ശ്രീ.വി.കെ.പ്രശാന്ത് സമർപ്പിച്ച 16.3.2017-ലെ സി8/1777/16-17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭ മേയർ ശ്രീ.വി.കെ.പ്രശാന്ത്, പരാമർശത്തിലെ കത്ത് പ്രകാരം സമർപ്പിച്ച നിർദ്ദേശം പരിഗണിച്ച് കാർഷിക-ക്ഷീര-വ്യാവസായിക മേഖലകളിലെ ഉത്പന്നങ്ങൾക്ക് വിപണനം വർദ്ധിപ്പിക്കുന്നതിനും നഗരവാസികളിൽ ജൈവകാർഷിക സംസ്കാരം വളർത്തുന്നതിനും കാർഷിക വിജ്ഞാനം പകരുന്നതിനും മുൻതൂക്കം നൽകി തിരുവനന്തപുരം നഗരസഭ 2017 ഏപ്രിലിൽ സംഘടിപ്പിക്കുന്ന കാർഷിക വ്യാവസായിക പ്രദർശന-വിപണന മേള തിരുവനന്തപുരം കിഴക്കേക്കോട്ട പുത്തരിക്കണ്ടം മൈതാനത്ത് നടത്തുന്നതിന് തിരുവനന്തപുരം നഗരസഭക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. ശ്രീ.വി.കെ.പ്രശാന്ത്, മേയർ, നഗരസഭ, തിരുവനന്തപുരം
2. ജില്ല പൊലീസ് ചീഫ്, തിരുവനന്തപുരം സിറ്റി .
3. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ